ഴിഞ്ഞു. Esophagal Speech എന്നാണ് ഈ രീതിയ്ക്ക് കൊടുത്തിരിക്കുന്ന പേര്.

**ഉപസംഹാരം**

തടസ്സമില്ലാതെ നടക്കപ്പെടേണ്ട ഒരു ശരീരപ്രക്രിയ എന്ന നിലയിൽ ദഹനവ്യവസ്ഥയുടെ ആരോഗ്യത്തെ സൂചിപ്പിക്കുന്ന നിലയിലും ഉദ്ഗാരം ഏറെ പ്രസക്തമാണ്. അതേസമയം രണ്ട് മഹാരോഗങ്ങളുടെ പൂർവ്വരൂപമായും പല രോഗങ്ങളുടേയും ലക്ഷണമായും ഉദ്ഗാരം സംഭവിക്കാറുണ്ട്. ദഹനസ്ഥിതിയുടെ വളരെ ലളിതമായ ഒരു സൂചകമെന്ന നിലയിലാണ് സ്നേഹപാനത്തിലും മറ്റും ഉദ്ഗാരത്തെ തിരിച്ചറിയുന്നത്. ഈ ദിശയിൽ കൂടുതൽ ഗവേഷണങ്ങൾ നടത്തി കണ്ടെത്താനുള്ള പരിശ്രമം നടത്തേണ്ടത് ആയുർവേദശാസ്ത്ര സ്നേഹികളുടെ കർത്തവ്യമാണ്.



**വൈദ്യരംഗത്തെ സാഹിത്യപ്രതിഭയ്ക്കുള്ള തിരുമുൽപ്പാട് പുരസ്കാരം ഡോ. ഷീജ വക്കത്തിന് ചാലക്കുടി എം.എൻ.എ. സനീഷ്കുമാർ ജോസഫ് സമർപ്പിയ്ക്കുന്നു.**

# ഫൗണ്ടേഷൻ വാർത്തകൾ

## തിരുമുൽപാട്: വൈദ്യത്തിന്റെ നൈതികത

-ഷീജ വക്കം

വൈദ്യത്തിന്റെ യഥാർത്ഥസത്ത അത് മൂല്യങ്ങൾ മുറുകെപ്പിടിക്കുമ്പോഴാണെന്നും അത് സാധ്യമായ ഒന്നാണെന്ന് തെളിയിച്ചതാണ് തിരുമുല്പാടിന്റെ മഹത്വമെന്നും ഷീജ വക്കം അഭിപ്രായപ്പെട്ടു.ചാലക്കുടി നഗരസഭ എല്ലാ വർഷവും നൽകിവരുന്ന രാഘവൻ തിരുമുൽപാട് പുരസ്കാരം സ്വീകരിച്ചു സംസാരിക്കുകയായിരുന്നു. കവിതയും വൈദ്യവും തമ്മിൽ ഇണക്കമോ പിണക്കമോ എന്ന് ആലോചിക്കേണ്ടതുണ്ട്. അസ്വസ്ഥമായ മനസ്സാണ് കവിത എഴുതുന്നത്. ആയുർവേദം മനസ്സിനെ സ്വസ്ഥമാക്കാൻ ഉപദേശിക്കുന്നു. ഒരു മഹാവൈദ്യന്റെ പേരിലുള്ള ഈ പുരസ്കാരം നേടിയത് അഭിമാനത്തോടെ സ്വീകരിക്കുന്നു എന്നവർ കൂട്ടിചേർത്തു. 2026 ഫെബ്രുവരി 16 ന് വൈകിട്ട് മൂന്നരയ്ക്ക് രാജീവി ഗാന്ധി പുരസ്കാരസമർപ്പണം ചെയ്ത് യോഗം ഉൽഘാടനം ചെയ്ത ചാലക്കുടി എം എൽ എ അഡ്വ. സതീഷ്കുമാർ ജോസഫ് തിരുമുൽപാട് സൃഷ്ടിച്ച ജീവിതമാതൃക അനുകരണീയമാണെന്ന് അഭിപ്രായപ്പെട്ടു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തോടെ നഗരവൽകൃതമായ ചാലക്കുടിയുടെ ചരിത്രത്തിൽ തിരുമുല്പാടിന്റെ ജീവിതവും ഒരധ്യായമാക്കാവുന്നതാണെന്ന് അനുസ്മരണ പ്രഭാഷണം നിർവഹിച്ച ഫാദർ ഡോ. ജോസ് താണിക്കൽ അഭിപ്രായപ്പെട്ടു.

നഗരസഭ ചെയർപേഴ്സൺ ശ്രീമതി ആലീസ് ഷിബു അധ്യക്ഷത വഹിച്ച യോഗത്തിൽ വിവിധ സ്ഥിരം സമിതി ചെയർമാൻമാർ ആശംസകൾ നേർന്നു.സ്ക്കൂൾ- കോളേജ് വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തിയ ഉപന്യാസമത്സരത്തിലെ വിജയികൾക്കുള്ള സമ്മാനങ്ങൾ വിദ്യാഭ്യാസ സ്ഥിരം സമിതി ചെയർപേഴ്സൺ ശ്രീമതി ലിജി ജോജി വിതരണം ചെയ്തു. കൺവീനർ ശ്രീ എം.ഡി.ജെയിംസ് സ്വാഗതവും ശ്രീ.ടി.പി.രാജൻ നന്ദിപ്രകാശനവും നടത്തി. ടൗൺ ഹാളിൽ വെച്ചായിരുന്നു, തിരുമുല്പാട് അനുസ്മരണ സമ്മേളനം.

2025 ലെ അനുസ്മരണം, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുമൂലം നീട്ടിവെച്ചിരിക്കുന്നു. ആ ചടങ്ങാണ് ഇപ്പോൾ നടന്നത്.

## തിരുമുല്പാടിന്റെ താളിയോലകൾ ഇനി പണ്ഡിതലോകത്തിന്



രാജ്യം പത്മഭൂഷണം നൽകി ആദരിച്ച വൈദ്യഭൂഷണം രാഘവൻ തിരുമുല്പാടിന്റെ താളിയോലശേഖരം ഗവേഷകർക്ക് ലഭ്യമാക്കുന്നതിന് സംസ്കൃതസർവകലാശാല ഏറ്റെടുത്തു. ചാലക്കുടിയിലെ രാജ വിഹാരത്തിൽ 2026 ഫെബ്രുവരി 27 ന് വൈകിട്ട് നടന്ന ചടങ്ങിൽവെച്ച് നഗരസഭ ചെയർപേഴ്സൺ ശ്രീമതി ആലീസ് ഷിബു ഗ്രന്ഥശേഖരം സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. കെ.കെ.ഗീതകുമാരിയ്ക്ക് കൈമാറി. എട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കവി ശക്തിഭദ്രൻ രചിച്ച ആശ്ചര്യചൂഡാമണി, കുഞ്ചൻ നമ്പ്യാരുടെ ശ്രീകൃഷ്ണചരിതം മണിപ്രവാളം, വാസുദേവകവിയുടെ യുധിഷ്ഠിരവിജയം, മാതംഗലീല എന്ന ഗജശാസ്ത്രം, അഷ്ടാംഗഹൃദയത്തിന് ഇന്ദു രചിച്ച ശശിലേഖ എന്ന വ്യാഖ്യാനം തുടങ്ങി മുപ്പതോളം ഗ്രന്ഥങ്ങളാണ് ശേഖരത്തിൽ. കുടുംബ ത്തിന്റെ ഈ സംരംഭം തികച്ചും മാതൃകാപരമാണെന്ന് ശ്രീമതി ആലീസ് ഷിബു അഭിപ്രായപ്പെട്ടു.

ഈ ഹസ്തലിഖിതശേഖരം വേണ്ടതുപോലെ സംരക്ഷിച്ച് ഗവേഷണപ്രവർത്തനങ്ങൾക്കു് ലഭ്യമാക്കുമെന്ന് വൈസ് ചാൻസലർ ഡോ. ഗീതാകുമാരി വാഗ്ദാനം ചെയ്തു. ചടങ്ങിൽ വാർഡ് കൗൺ സിലർമാർ ശ്രീ. കെ. ബി. ഉണ്ണികൃഷ്ണൻ, ശ്രീ.വി.ജെ.ജോജി, ശ്രീമതി മേഴ്സി ടീച്ചർ, റസിഡന്റ് അസോസിയേഷൻ പ്രസിഡന്റ് വിത്സൻ കല്ലൻ, മുൻ കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ഡോ. സി. സി. ബാബു എന്നിവർ സംബന്ധിച്ചു.